ട്രേഡ് യൂണിയൻ പ്രതിനിധികളും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാരും ഉൾപ്പെടുന്ന ഇൻഡസ്ട്രിയൽ റിലേഷൻ ബോർഡ് 11-6-99-ൽ കൂടുകയും ഒരു തൊഴിൽ നയം രൂപീകരിക്കാനുള്ള ചർച്ച നടത്തുകയുമുണ്ടായി. അതിന്റെ പൂർണ്ണ രൂപം തയ്യാറാക്കി ട്രേഡ് യൂണിയൻ പ്രതിനിധികളുമായിട്ട് ചർച്ച നടത്തിയശേഷം സമഗ്രമായ ഒരു തൊഴിൽ നയം രൂപീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

സർ, പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി ചർച്ചകൾ നടന്നുവരികയാണ്. ഉദാഹരണമായി സാമ്പത്തിക പ്രതിസന്ധി കാരണം പൂട്ടിക്കിടക്കുന്ന തിരുവേപ്പതി മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11-7-99-ൽ തൊഴിലാളി യൂണിയനും മാനേജുമെന്റും തമ്മിൽ വിശദമായ ചർച്ചനടത്തുകയുണ്ടായി. അതുപോലെതന്നെ തൃശൂർ-പേരമ്പ്രയിലുള്ള അപ്പോളോ ടയേഴ്സ് 11-7-99 നാലു മണി മുതൽ ലോക്കൗട്ടിലാണ്. പ്രസ്തുത കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഒരു ദീർഘകാല കരാറിന് രൂപം കൊടുക്കാൻ ഊർജ്ജിതമായ ചർച്ച നടന്നുവരികയാണ്. ഇന്നലെയും അതിന്റെ ചർച്ചകൾ തുടരുന്നു. മിനിമം വേജസ് ആക്ടിന്റെ പട്ടികയിൽ 64 വ്യവസായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിലുപരി മിനിമം വേതന നിയമത്തിന്റെ പരിധിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള സോപ്പ് നിർമ്മാണം, ബേക്കറി, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ നിർമ്മാണം, പ്ലാസ്റ്റിക് നിർമ്മാണം, ചൂരൽ വ്യവസായം, സെക്യൂരിറ്റി സർവ്വീസ് എന്നിവയ്ക്കു പുറമേ കൂലി നിജപ്പെടുത്തി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അസംഘടിതമായ തൊഴിലാളികളെ സംരക്ഷിക്കുക എന്നത് സർക്കാരിന്റെ നയമാണ്. ഉദാഹരണമായി ബീഡി തൊഴിലാളി ക്ഷേമനിധി, വാണിജ്യസ്ഥാപനങ്ങളുടെ തൊഴിലാളികൾക്കുള്ള ക്ഷേമനിധി എന്നിവയുടെ നിയമനിർമ്മാണം ഈ വർഷം തന്നെ നടത്തുന്നതാണ്. തോട്ടം തൊഴിലാളികളുടെ ദീർഘകാല കരാർ 1999 മാർച്ച് 31-ന് അവസാനിച്ചിരിക്കുകയാണ്. എന്നാൽ ഒരു പുതിയ കരാർ വ്യവസ്ഥ ഉണ്ടാക്കുന്നതിലേക്കുള്ള ചർച്ചകൾ 20-1-99 മുതൽ പുനരാരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. അതോടൊപ്പം തന്നെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി 13-7-99-ന് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. അധികം വൈകാതെ തന്നെ തോട്ടം തൊഴിലാളികൾക്ക് ദീർഘകാല കരാർ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ വ്യാവസായിക സാധ്യതകൾ കണ്ടെത്തുക, വ്യവസായ നയം മാറ്റുക, വർദ്ധിച്ച വൈദ്യുതി ചാർജ്ജ് പിൻവലിക്കുക എന്നീ വിഷയങ്ങൾ തൊഴിൽ വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്നവയല്ല.

## (13) പ്രമേഹ ചികിത്സയ്ക്ക് ഉപയോഗിച്ചുവരുന്ന പാവയ്ക്ക, വഴുതനങ്ങ എന്നിവകൊണ്ട് ഔഷധമുണ്ടാക്കാൻ അമേരിക്കൻ സ്ഥാപനത്തിന് പേറ്റന്റ് അനുവദിച്ചത് സംബന്ധിച്ച്

<u>ശ്രീ. പി. രാഘവൻ</u> : സർ, ഇൻഡ്യയിൽ നൂറ്റാണ്ടുകളായി പ്രമേഹ ചികിത്സയ്ക്ക് ഉപയോഗിച്ചുവരുന്ന പാവയ്ക്കയും വഴുതനങ്ങയും ഉപയോഗിച്ച് ഔഷധങ്ങളുണ്ടാക്കാൻ അമേരിക്കയിലെ പേറ്റന്റ് ഓഫീസ് ന്യൂജഴ്സിയിലെ ഒരു ഗവേഷണ സ്ഥാപനത്തിലെ മൂന്നു ശാസ്ത്രജ്ഞൻമാർക്ക് പേറ്റന്റ് അനുവദിച്ചതായി അറിയുന്നു. ആര്യവേപ്പിനും, മഞ്ഞളിനും പിന്നാലെ വഴുത

LIBRARY ARCHIVES Kerala Legislative Assembly

നങ്ങ, പാവയ്ക്ക, ഞാവൽ, ചെറുകുറിഞ്ഞി തുടങ്ങിയവയും പേറ്റന്റ് വിവാദത്തിൽ കുടുങ്ങുകയാണ്. 'ഇൻഡ്യയുടെ സമ്പത്ത്' - ഇൻഡ്യൻ ഔഷധസസ്യങ്ങൾ സംബന്ധിച്ച് സംഗ്രഹം - ഇൻഡ്യൻ ഔഷധസസ്യങ്ങളെക്കുറിച്ചുള്ള പ്രബന്ധം തുടങ്ങിയ ആധികാരിക പ്രബന്ധങ്ങളിൽ ഈ സസ്യങ്ങൾ നൂറ്റാണ്ടുകളായി പ്രമേഹ ചികിത്സയ്ക്ക് ഫലപ്രദമായി ഉപയോഗിച്ചുവരുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും ഇവ ഉപയോഗിച്ചുള്ള ഔഷധത്തിന് പേറ്റന്റ് അനുവദിച്ച നടപടി അത്ഭുതാവഹമാണ്. ഈ സസ്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഔഷധങ്ങൾ അമേരിക്കൻ വിപണിയിൽ ഇറക്കാൻ പോകുന്നുവെന്നാണ് അറിയാൻ സാധിച്ചത്. ഇൻഡ്യൻ ഔഷധ നിർമ്മാതാക്കൾക്ക് ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കുന്നതാണ് അമേരിക്കൻ പേറ്റന്റ് ആഫീസിന്റെ ഈ നടപടി. പേറ്റന്റ് ലഭിച്ച ശാസ്ത്രജ്ഞൻമാർ ഇൻഡ്യൻ വംശജരാണെന്നുള്ളതാണ് മറ്റൊരു പ്രത്യേകത. ഇവർ ന്യൂജഴ്സിയിലെ ഗാമാ റിസർച്ച് ഇൻകോർപ്പറേഷനിലെ ശാസ്ത്രജ്ഞരാണ്. വഴുതനങ്ങ, പാവയ്ക്ക, ഞാവൽ, ചെറുകുറിഞ്ഞി എന്നിവയിൽ രണ്ടെണ്ണത്തിന്റെ പൊടികളുടെ മിശ്രണം ഉപയോഗിച്ച് പ്രമേഹത്തിനുള്ള ഔഷധങ്ങൾ തങ്ങൾ വികസിപ്പിച്ചതായാണ് ഇവരുടെ അവകാശവാദം. ഇവരുടെ അവകാശവാദമാണ് പേറ്റന്റ് ഓഫീസ് അംഗീകരിച്ചിട്ടുള്ളത്. കേന്ദ്ര ശാസ്ത്ര-സാങ്കേതിക വകുപ്പിന് കീഴിലെ പേറ്റന്റ് സെൽ നടത്തിയ പരിശോധനയിലാണ് മേയ് നാലിന് ഈ ഔഷധത്തിന് അമേരിക്കൻ പേറ്റന്റ് ഓഫീസ് പേറ്റന്റ് നല്കിയത്. നേരത്തെ മുറിവുണക്കുന്നതിനുള്ള ഔഷധമായി മഞ്ഞൾ ഉപയോഗിക്കുന്നതിന് മിസ്സിസ്സിപ്പി സർവ്വകലാശാല മെഡിക്കൽ സെന്ററിലെ ഒരു സംഘം ഗവേഷകർക്ക് അമേരിക്കൻ പേറ്റന്റ് ഓഫീസ് പേറ്റന്റ് അനുവദിച്ച വിവരവും പേറ്റന്റ് സെല്ലാണ് പുറത്തു കൊണ്ടുവന്നത്. ഈ വിഷയം പിന്നീട് ശാസ്ത്ര വ്യവസായ ഗവേഷണ കൗൺസിൽ ഏറ്റെടുക്കുകയും പേറ്റന്റ് അനുവദിച്ചതിനെ ചോദ്യം ചെയ്യുകയും ചെയ്തതിനെത്തുടർന്ന് പേറ്റന്റ് റദ്ദ് ചെയ്തിരുന്നു എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതുപോലെതന്നെ ഈ പറഞ്ഞ ഔഷധങ്ങളുടെ പേറ്റന്റ് അനുവദിച്ചതും അടിയന്തിരമായി ഗവൺമെന്റ് ഇടപെട്ട് റദ്ദ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇങ്ങനെ പോയാൽ കേരളത്തിന്റെ പേറ്റന്റ് അമേരിക്കക്കാർ രജിസ്റ്റർ ചെയ്യുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഗൗരവമായി ഈ പ്രശ്നം എടുക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ.എ.സി.ഷൺമുഖദാസ്): സർ, ശാസ്ത്രീയവും സാങ്കേതികവുമായ വിജ്ഞാനം ഉപയോഗിച്ചുള്ള പുതിയ കണ്ടുപിടിത്തങ്ങളുടെ ബൗദ്ധികമായ സ്വത്തവകാശമാണ് പേറ്റന്റ്. രഹസ്യ സ്വഭാവമുള്ള സാങ്കേതികവിദ്യ അടങ്ങുന്നതും നിയമപരമായി പ്രത്യാഘാതം ഉളവാക്കാവുന്നതുമായ ഒന്നാണിത്. ശാസ്ത്രരംഗം, ഉൽപ്പാദനം, വിപണനം, വിനിമയം തുടങ്ങിയ മേഖലകളിലെ വ്യത്യസ്ത താല്പര്യങ്ങൾ തമ്മിലുള്ള മൽസര സാധ്യതകൾ പേറ്റന്റ് സമ്പ്രദായത്തിൽ അന്തർഭവിച്ചിരിക്കുന്നു. 1995-ൽ ഇൻഡ്യ ലോക വ്യാപാര സംഘടനയിൽ അംഗമായതിനുശേഷം ട്രിപ്സ് കരാറിലെ വ്യവസ്ഥയനുസരിച്ച് പേറ്റൻസി നിയമം ഭേദഗതി ചെയ്യപ്പെടുകയുണ്ടായി. നിർമ്മാണ പേറ്റൻസി എന്നതിൽനിന്നും നിർമ്മിതിയുടെ പേറ്റൻസി എന്നതായിരുന്നു പ്രധാന മാറ്റം. ആയുർവേദം ഭാരതത്തിന്റെ തനത് ചികിത്സാ സമ്പ്രദായമാണ്. 1970 മുതൽ ഇൻഡ്യയിൽ നിലനിൽക്കുന്ന പേറ്റൻസി നിയമത്തിൽ മനുഷ്യനും ജീവികൾക്കുമുണ്ടാകുന്ന രോഗങ്ങൾക്കുള്ള ചികിത്സാ മുറകൾ ഉൾപ്പെടുത്തിയിരുന്നില്ല. കാതലായ ഭേദഗതികളോടെ പേറ്റന്റ് ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവിഭവങ്ങൾ, അലോപ്പതി ഔഷധങ്ങൾ എന്നിവ ഭേദഗതിയിൽ ഉൾക്കൊള്ളിക്കപ്പെടുകയും ഇത് സംബന്ധിച്ചുയർന്ന പ്രതിഷേധ ശബ്ദങ്ങളുടെ ഫലമായി ആയുർവേദത്തിലെ കണ്ടുപിടിത്തങ്ങളെ ഒഴിവാക്കുവാൻ കേന്ദ്ര സർക്കാർ നിർബന്ധിക്കപ്പെടുകയുമുണ്ടായി. പേറ്റന്റ് നിയമത്തിലുണ്ടാകുന്ന ഭേദഗതികൾ ഭാരതത്തിലെ ആയുർവേദ മേഖലയ്ക്ക് ഭീഷണിയുയർത്തുന്നതാണെന്നും ആയുർവേദ ഔഷധനിർമ്മാണം ബഹുരാഷ്ട്ര കുത്തകകൾക്കായി വഴിമാറേണ്ടിവരികയും ഔഷധങ്ങളുടെ വില കുത്തനെ ഉയരുകയും ചെയ്യുമെന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്നവർ ചൂണ്ടിക്കാണിക്കുന്നുണ്ട്. പേറ്റന്റ് സംബന്ധിച്ച നടപടികളെല്ലാം പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്ന കാര്യങ്ങളാണ്. രാജ്യത്തിന്റെ തനത് ചികിത്സാ സമ്പ്രദായത്തിന് ദോഷകരമായ രീതിയിൽ പേറ്റന്റ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളരുതെന്ന് സംസ്ഥാനം കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്. ആരോഗ്യമന്ത്രിമാരുടെ സമ്മേളനത്തിലും ഇക്കാര്യം അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പാവയ്ക്ക, വഴുതനങ്ങ എന്നിവ ആയുർവേദഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നവയും പ്രമേഹരോഗശമനിയായി വിവരിച്ചിരിക്കുന്ന ഔഷധങ്ങളുമാണ്. ഇതിന്റെ പേറ്റൻസി സംബന്ധിച്ച് അടുത്ത കാലത്ത് ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നല്ലാതെ ഔദ്യോഗികമായ അറിവ് സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ ഇല്ല. പേറ്റന്റ് നിയമഭേദഗതിയുമായി ബന്ധപ്പെട്ട് ആയുർവേദമേഖലയെ സംബന്ധിച്ചിടത്തോളം പ്രതിസന്ധിക്കിടയാകുമെന്ന കാര്യം, ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ വികാരം സംസ്ഥാന സർക്കാർ ഉൾക്കൊള്ളുന്നു. വ്യക്തമായ കാഴ്ചപ്പാടാണ് സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിലുള്ളത്. അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഉചിതമായ നടപടികൾ ആവിഷ്കരിക്കുന്നതും നമ്മുടെ ശക്തമായ വികാരം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതുമാണ്. പൊതുജനങ്ങളുടെ ശക്തമായ പ്രതിഷേധവും സമ്മർദ്ദവും തീർച്ചയായും കേന്ദ്ര ഗവൺമെന്റിന്റെ സജീവ ശ്രദ്ധ ഈ കാര്യത്തിൽ കൊണ്ടുവരുമെന്ന് ഗവൺമെന്റ് കരുതുന്നു.

## (14) അഗളിയിലെ സ്വാശ്രയ സംഘങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, അഗളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സ്വാശ്രയ സംഘങ്ങൾ വഴി ലക്ഷക്കണക്കിന് രൂപയുടെ വെട്ടിപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് മൂന്നു ജില്ലകളിലാണ് കാർഷിക വായ്പകൾ സ്വാശ്രയ സംഘങ്ങൾവഴി നൽകുന്നതിനുള്ള അനുവാദം നൽകിയിരിക്കുന്നത്. കണ്ണൂർ, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിലാണ്. ഇതിൽ ഞാൻ മനസ്സിലാക്കുന്നിടത്തോളം പാലക്കാട് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് അവരുടെ അഗളി ശാഖവഴി നാലു കോടി രൂപയുടെ കാർഷിക വായ്പകൾ നൽകുന്നതിനുള്ള തീരുമാനമെടുത്ത് പണം നൽകിയിട്ടുണ്ടെന്നാണ് അറിയുന്നത്. ഇതിൽ കൃഷിക്കാർ ഇഞ്ചി, വാഴ എന്നീ കൃഷികൾക്ക് ലോൺ എടുക്കുകയാണ് പതിവ്. ഇതിനകത്താണ് വെട്ടിപ്പ് നടന്നിരിക്കുന്നത്. അട്ടപ്പാടിയിൽ 20 സ്വാശ്രയ സംഘങ്ങൾ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഘം വഴി നാലു കോടി രൂപയാണ് നൽകാനുള്ള തീരുമാനമെടുത്തിരിക്കുന്നത്. പല സംഘങ്ങളിലും ഇതിനോടകം രണ്ടു ഗഡുക്കൾ പണം നൽകിയതായി അറിയുന്നു. ഓരോ സംഘത്തിന്റെയും കൺവീ

LIBRARY ARCHIVES Kerala Legislative Assembly